കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എളവള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.5)1782/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 6800020
ഫോൺ : 0487-2331249
ഇ-മെയിൽ : dotst.ksad@kerala.gov.in
തീയതി.19.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
എളവള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :എളവള്ളി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം എളവള്ളി പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എളവള്ളി പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.5)1782/2019, തീയതി : 19.05.2020

## തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 09.10.18 മുതൽ 08.11.19 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

<table>
<tr><td>ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ</td><td colspan="2">ശ്രീമതി.മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ</td></tr>
<tr><td>ഓഡിറ്റിന് വിനിയോഗിച്ച സമയം</td><td colspan="2">12.11.2019 മുതൽ 20.11.2019 വരെ</td></tr>
<tr><td rowspan="4">ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</td><td>ശ്രീ.റഫി ജോൺ</td><td>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)</td></tr>
<tr><td>ശ്രീമതി.ഷൈനി കൃഷ്ണദാസ്</td><td>അസി.ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ശ്രീ.ജോമോൻ.ഇ.കെ.</td><td>അസി.ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ശ്രീമതി.സുമ വി.കെ.</td><td>ഓഡിറ്റർ</td></tr>
</table>

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.യു.കെ.ലതിക | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീകാന്ത്.പി.എസ് | 01.04.2018 മുതൽ 25.06.2018 വരെ |
| | അബ്ദുൾ ജലീൽ.കെ.ഐ | 26.06.2018 മുതൽ 12.03.2019 വരെ |
| | എം.കെ.ആൽഫ്രഡ് (സെക്രട്ടറി ഇൻ-ചാർജ്ജ്) | 13.03.2019 മുതൽ 31.03.2019 വരെ |

## (സി)നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ഇന്ദു.വി.കെ, | 01.04.2018 മുതൽ 20.08.2018 വരെ |
| | റിയ ജോസഫ് | 21.08.2018 മുതൽ 17.09.2018 FNവരെ |
| | ഇന്ദു.വി.കെ | 17.09.2018 ANമുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | സുജ ജോർജ് | 01.04.2018 മുതൽ 18.06.2018 വരെ |
| | രിഷ്മ.പി.പി | 19.06.2018 മുതൽ 26.06.2018 വരെ |
| | അഞ്ജലി.പി.കെ | 27.06.2018 മുതൽ 02.11.2018 FNവരെ |
| | ബാബു.കെ.പോൾ | 02.11.2018 ANമുതൽ 04.12.2018 വരെ |
| | അഞ്ജലി.പി.കെ | 05.12.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഗ്രീഷ്മ.പി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മിനി.വി.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം ) | ഡോ.ജിജി ജോസ്.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. അൻഷാദ്.എം.എച്ച് | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രധാന അദ്ധ്യാപിക | ഉഷ.കെ.ടി | 01.04.2018 മുതൽ 31.05.2018 വരെ |

| | | |
|---|---|---|
| | മോളി.പി.എസ് | 01.06.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ<br>വാക സർക്കിൾ | ലിൻഷ.എം | 01.04.2018 മുതൽ 15.09.2018 FNവരെ |
| | ഹരി.കെ.എ | 15.09.2018 ANമുതൽ 31.03.2019 വരെ |
| വി.ഇ.ഒ<br>ബ്രഹ്മക്കുളം സർക്കിൾ | ലിൻഷ.എം | 01.04.2018 മുതൽ 30.06.2018 വരെ |
| | ധന്യ.എം.വി | 01.07.2018 മുതൽ 21.08.2018 FNവരെ |
| | ഹരി.കെ.എ | 21.08.2018 ANമുതൽ 11.09.2018 വരെ |
| | 12.09.2018 മുതൽ 14.09.2018 വരെ ലഭ്യമല്ല | |
| | പി.വി.രാജു | 15.09.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ആൽഫ്രഡ്.എം.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഉഷ.കെ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ആമിന.പി.ബി | 01.04.2018 മുതൽ 21.05.2018 FNവരെ |
| | നന്ദിനി.ടി (അഡീഷണൽ ചാർജ്) | 21.05.2018 ANമുതൽ 11.06.2018 FNവരെ |
| | ആമിന.പി.ബി | 11.06.2018 ANമുതൽ 31.07.2018 FNവരെ |
| | വി.ജെ.റീന | 31.07.2018 ANമുതൽ 14.08.2018 FNവരെ |
| | നന്ദിനി.ടി | 14.08.2018 ANമുതൽ 03.09.2018 FNവരെ |
| | റീന.വി.ജെ | 03.09.2018 FNമുതൽ 14.09.2018 വരെ |
| | സബിത | 15.09.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം – 1 | | |
| | | |

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷിക കണക്കിലെ അപാകതകൾ | 1-10 |
| 11 | ബജറ്റ് രൂപീകരണം | 1-11 |
| 12 | തനത് വരുമാനം ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചു | 1-12 |
| 13 | മാന്വൽ, സാംഖ്യ രശീതി അപാകതകൾ | 1-13 |
| 14 | എം.എൽ.എ ഓഫീസ് ആയി ഉപയോഗിക്കുന്ന മുറിക്ക് വാടക ഒഴിവാക്കി | 1-14 |
| 15 | വാടക കരാർ യഥാസമയം പുതുക്കുന്നില്ല, വാടക ബൈലോ, ശ്മശാനം ബൈലോ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ല. | 1-15 |
| 16 | വാടകകുടിശ്ശിക റവന്യൂ റിക്കവറി നടപടി-തുടർ വിവരം അറിയിക്കേണ്ടതാണ് | 1-16 |
| 17 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-17 |
| 18 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ അപാകതകൾ | 1-18 |
| 19 | അനുമതിയില്ലാത്ത നിർമ്മാണങ്ങൾ | 1-19 |
| 20 | സുശാന്തം - വയോജനക്ഷേമ വിഭവകേന്ദ്രം വിഹിതം നൽകൽ - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. | 1-20 |
| 21 | ഷ്രെഡിംഗ്, ബെയ്‌ലിംഗ് യൂണിററ് വാങ്ങൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-21 |
| 22 | ക്രിമറ്റോറിയം മെയിന്റനൻസ് - ജനറേറ്റർ ലോഗ്ബുക്ക് സൂക്ഷിക്കുന്നില്ല. | 1-22 |
| 23 | ഇ.എം.എസ് ലോൺ - പലിശയിനത്തിൽ കുടിശ്ശിക - നടപടി സ്വീകരിക്കേണ്ടതാണ്. | 1-23 |
| 24 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകതകൾ | 1-24 |
| 25 | കുടുംബശ്രീ കാന്റീന് ഭൗതിക സാഹചര്യമൊരുക്കൽ പദ്ധതി - ക്രമപ്രകാരമല്ല | 1-25 |
| 26 | ധനകാര്യ കമ്മീഷൻ അവാർഡ് - വിനിയോഗം | 1-26 |

| | | |
|---|---|---|
| | ക്രമപ്രകാരമല്ല. | |
| 27 | ലൈഫ് മിഷൻ - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-27 |
| 28 | ഹോമിയോ മരുന്ന് ലഭ്യമാക്കിയിട്ടില്ല. | 1-28 |
| 29 | ശമ്പളപരിഷ്കരണ കുടിശ്ശിക - ആനുപാതിക പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. | 1-29 |
| 30 | ജലനിധി പ്രവർത്തനങ്ങൾ വിപുലീകരിച്ച് കാര്യക്ഷമമാക്കണം | 1-30 |
| 31 | വാഹന പരിപാലനം - അപാകതകൾ | 1-31 |
| 32 | വിദ്യാർത്ഥികൾക്ക് ഫുട്ബോൾ പരിശീലനം ഗ്രാമതല സ്പോർട്ട്സ് കൗൺസിൽ രൂപീകരിക്കണം | 1-32 |
| 33 | പുറമ്പോക്ക് ഭൂമി – പഞ്ചായത്തിന്റെ ഭൂമി അന്യാധീനപ്പെട്ടു പോകാതിരിക്കാനുള്ള നടപടികൾ എടുക്കേണ്ടതാണ് | 1-33 |
| 34 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - നിയമവ്യവസ്ഥകൾ പാലിക്കുന്നില്ല | 1-34 |
| 35 | കുഴിച്ചെടുത്ത മണ്ണ് കരാറുകാരന് കുറഞ്ഞ നിരക്കിൽ നൽകി – പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-35 |
| ഭാഗം – 2 | | |
| ഇല്ല | | |
| ഭാഗം – 3 | | |
| 36 | കുഴിച്ചെടുത്ത മണ്ണ് കരാറുകാരന് കുറഞ്ഞ നിരക്കിൽ നൽകി – പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-1 |
| | ഭാഗം – 4 | |
| 37 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 38 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 39 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-3 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 41 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 43 | ഓഡിറ്റ് റിക്കവറി | 4-7 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 47 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 48 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

# 1-1 ബജറ്റ്

പഞ്ചായത്തിന്റെ 22.03.2018 തീയതിയിലെ 1- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച. പുതുക്കിയ ബജറ്റ് പഞ്ചായത്തിന്റെ 12.02.2019 തീയതിയിലെ 1- ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2018-19 ബജറ്റ് പ്രതീക്ഷിത വരവ് - 14,74,49,300/-, പ്രതീക്ഷിത ചെലവ് - 14,71,36,276/-

2018-19 പരിഷ്കരിച്ച ബജറ്റ് വരവ് - 15,0811209/-, ചെലവ് - 149287735

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.19 | 12.06.19 |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10746582.18 |
| വരവ് | 77695441 |
| ആകെ | 88442023.18 |
| ചെലവ് | 70557429 |
| നീക്കിയിരിപ്പ് | 17884594.18 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 14968358 | 14968358 | 14744778 | 223580 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 3509000 | 3509000 | 3313809 | 195191 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 22333 | 22333 | 0 | 22333 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 17937000 | 17937000 | 14880257 | 3056743 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3107000 | 3107000 | 2493904 | 613096 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6947000 | 6947000 | 4226746 | 2720254 |
| സാക്ഷരത | | 788.78 | 1215 | 2003.78 | 789 | 1214.780 |
| എം.എൻ.ആർ.ഇ.ജി.എസ് | കൂലി | 0 | 9368154 | 9368154 | 9368154 | 0 |
| | മെറ്റീരിയൽ | 0 | 523316 | 523316 | 523316 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് | | | | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 18359.40 | 232914 | 251273.40 | 246084 | 5189.40 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ഐ.സി.ഡി.എസ് | 368723 | 528506 | 897229 | 299826 | 597403 |
| | ടി.എസ്.സി. | 0 | 1641662 | 1641662 | 469078 | 1172584 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | വിമുക്തി | 0 | 12500 | 12500 | 12500 | 0 |
| | ശുചിത്വമിഷൻ | 0 | 160000 | 160000 | 160000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1370904 | 2432200 | 3803104 | 2119704 | 1683400 |
| | ജില്ലാ പഞ്ചായത്ത് | 0 | 3697630 | 3697630 | 2425000 | 1272630 |
| തനത് ഫണ്ട് (ബാങ്ക് അക്കൗണ്ട്) | 1) Union Bank of India | 1768010 | 11250362 | 130818372 | 9121812 | 3896560 |
| | 2) State Bank of India | 33766 | 3566155 | 3599921 | 0 | 3599921 |
| | 3) Chittattukara Service Co-operative Bank | 27308 | 3675 | 30983 | 25 | 30958 |
| | 4) HDFC SWIPING | 0 | 5933 | 5933 | 0 | 5933 |
| തനത് ഫണ്ട് (ട്രഷറി അക്കൗണ്ട്) | 1) Special TSB Account | 5596555 | 12297648 | 17894203 | 12969732 | 4924471 |
| മറ്റിനം | ഗുണഭോക്തൃ വിഹിതം | 105000 | 370050 | 475050 | 453000 | 22050 |

# 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 178 | 94705141 | 129 | വികസന ഫണ്ട്- 65.7%<br>വികസന ഫണ്ട് ക്യൂ ബിൽ സഹിതം - 91.1% | 43 | 7 | 73% |

| | | | | | | |
|---|---|---|---|---|---|---|
| | | | മെയിന്റനൻസ് ഫണ്ട് - 82.5%<br>മെയിന്റനൻസ് ഫണ്ട് ക്യൂ ബിൽ സഹിതം - 99.07% | | | |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ : 7 എണ്ണം

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 18359.40 | 232914 | 251273.40 | 246084 | 5189.40 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 9368154 | 9368154 | 9368154 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 523316 | 523316 | 523316 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 87360 | 113 |
| കർഷകതൊഴിലാളി പെൻഷൻ | 6052200 | 464 |
| വിധവാപെൻഷൻ | 13641700 | 1128 |
| വാർദ്ധക്യകാലപെൻഷൻ | 25683200 | 2118 |
| വികലാംഗപെൻഷൻ | 3693700 | 293 |
| അവിവാഹിത പെൻഷൻ | 1646600 | 143 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90000 | 3 |

# 1-8 ആഭ്യന്തരനിയന്ത്രണം

1997-ലെ കേരള പഞ്ചായത്ത് രാജ്(പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13

പ്രകാരം വാർഷിക ഓഡിറ്റിൽ പഞ്ചായത്തിന്റെ ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച് എല്ലാ കാര്യങ്ങളും പരിശോധിക്കുന്നതോടൊപ്പം നടപടിക്രമം പാലിച്ചുകൊണ്ടുതന്നെയാണൊ ചെലവ് ചെയ്തിട്ടുള്ളതെന്നും ഭരണപരമായ കാര്യക്ഷമത, പഞ്ചായത്തിന്റെ സാമ്പത്തിക അച്ചടക്കം എന്നിവയെ സംബന്ധിച്ച് പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ താഴെ പറയുന്ന വിഷയങ്ങളിലേക്ക് പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

- ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിങ്ങ്കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും മോണിട്ടർ ചെയ്യുകയും, പഞ്ചായത്ത് ഏൽപ്പിക്കുന്ന മറ്റ് അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുകയും ചെയ്യേണ്ട സ്റ്റിയറിങ്ങ് കമ്മിറ്റി എന്ന സംവിധാനം ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.
- 1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം 10(11)പ്രകാരം ടെണ്ടർ സ്വീകരിക്കണമെന്ന് തീരുമാനിക്കുന്നതിന് ക്ഷമതയുള്ള അധികാരസ്ഥാനം, അതായത് പഞ്ചായത്ത് കമ്മിറ്റി, ടെണ്ടറുകൾ തുറന്ന തീയ്യതി മുതൽ 10 ദിവസത്തിനകം അവയിൽ തീരുമാനമെടുക്കേണ്ടതാണ്. എന്നാൽ ഇത്തരം നിയമ നിഷ്ക്കർഷ ചില മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചതായി കാണുന്നില്ല.
- മരാമത്ത് പ്രവൃത്തികളുടെ Selection Notice, Handing over site എന്നിവയിൽ തീയ്യതി രേഖപ്പെടുത്തുന്നില്ല.
- ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ ഫ്രണ്ട്ഓഫീസ് ഡയറി പരിശോധിച്ചിട്ടുള്ളതായി കാണുന്നില്ല.
- ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി രൂപീകരിച്ച് മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരേണ്ട ഫ്രണ്ട് ഓഫീസ് മോണിറ്ററിങ്ങ് സമിതി രൂപീകരിച്ചതിനോ യോഗം ചേർന്നതിനോ രേഖകളില്ല.
- പണം സൂക്ഷിക്കുന്നതിനുള്ള കാഷ് ചെസ്റ്റ് സുരക്ഷിതമായി സ്ഥാപിച്ചിട്ടില്ല.
- സെക്യൂരിറ്റി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
- ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേററ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് സമർപ്പിക്കുന്നതിലും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി റിവൈസ്ഡ് ബജററ് തയ്യാറാക്കി അംഗീകാരത്തിനായി ഭരണസമിതി മുമ്പാകെ വെയ്ക്കുന്നതിലും കാലതാമസം ഉണ്ടായിട്ടുണ്ട്.(ഖണ്ഡിക 1-11 കാണുക)
- പഞ്ചായത്ത് കമ്മിറ്റിയുടെ 12.03.18-ലെ അജണ്ട 3, തീരുമാനം 6 പ്രകാരം വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ടെങ്കിലും പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.
- സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ

മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. പ്രൊക്യൂർമെന്റ് കമ്മിററിയുടെ മിനുട്സ് പരിശോധിച്ചതിൽ കമ്മിററിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നു കാണുന്നു. വിവിധ വാങ്ങലുകൾക്കായി ടെണ്ടർ ക്ഷണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിലും ക്വാട്ട് ചെയ്ത ടെണ്ടറുകൾ അംഗീകരിക്കുന്നതിന് ഭരണസമിതിയിലേക്ക് ശുപാർശ ചെയ്യുന്നതിലും മാത്രമായി പ്രൊക്യൂർമെന്റ് കമ്മിററിയുടെ പ്രവർത്തനം ഒതുങ്ങി നിൽക്കുന്നു.

- ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും രജിസ്റ്റർ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററുകൾ നാളിതുവരെ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.
- സംസ്ഥാന സർക്കാരിൽനിന്നും കൈമാറ്റം ചെയ്ത് കിട്ടിയതുൾപ്പെടെ തദ്ദേശഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികൾ സംരക്ഷിക്കുന്നതിലും പഞ്ചായത്തുകളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി കൈയ്യേറുന്നത് തടയുന്നതിനുമായി സർക്കാർ നിരവധി സർക്കുലറുകളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല. ഉദാഹരണത്തിന് ആസ്തി സംബന്ധമായ വിവരങ്ങൾ കൃത്യമായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിലും കാലാകാലങ്ങളിൽ രജിസ്റ്റർ പുതുക്കി സൂക്ഷിക്കുന്നതിലും വേണ്ടത്ര ശ്രദ്ധ്ക്കാന്തി പുലർത്തേണ്ടതാണെന്ന് വിവിധ സർക്കുലറുകൾ പ്രകാരം സർക്കാർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകളൊന്നും ഇല്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമിയിൽ കയ്യേറ്റങ്ങളില്ല എന്ന് ഉറപ്പിക്കുവാനും ഭാവിയിൽ കയ്യേറ്റങ്ങളുണ്ടാകാതിരിക്കുവാനുമുള്ള നടപടികൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കൈക്കൊള്ളേണ്ടതാണ്.
- റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിററി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08/11/2018 മുതൽ 9/11/18 വരെ | ഒക്ടോബർ/18 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23/8/17 മുതൽ 15/9/17 വരെ | 2012-13 മുതൽ 2016-17 | 17/11/17 |

# 1-10 വാർഷിക കണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ"

സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. ഇപ്രകാരം "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2.1 തൻവർഷം

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2433148 | 2235791 | 212839 | 4254 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2433148 | 2226439 | 212839 | 1539 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1105638 | 1035668 | 102426 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1105638 | 1035668 | 102426 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2 കുടിശ്ശിക

2.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 402202 | 401833 | 13648 |
| | | | |

| | | | |
|---|---|---|---|
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 466659 | 408590 | 6689 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 270386 | 272998 | 1060 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 321667 | 274123 | 0 |
| | Selection Notice, Handing over site(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 124304 | 21147 | 145451 | 113260 | 20416 | 133676 | 11420 | | 217 | 742 | 417 |
| | നോൺ-റെസിഡൻഷ്യൽ | 56203 | 13745 | 69948 | 52160 | 13716 | 65876 | 5276 | | 0 | 65 | 0 |
| | ആകെ | | | 215399 | | | 199552 | | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 179270.57 | | | 199552 | | | - | 87581 | 415.57 | | |
| | | 38677.57+140593 = (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State govt. Cess/levies.. ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt. Cess/levies ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.2.1, 2.2.2, 2.3 എന്നീ ഖണ്ഡികയിലെ പട്ടികകൾ).

2.5 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ എളവള്ളി ഗ്രാമപഞ്ചായത്തിൽ 135 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residential buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 35,38,786/- മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.6 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പ്രകാരം 1,99,552/-. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State govt cesses/levies in Property tax control account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ തുകയല്ല, മറിച്ച് 87,581/- രൂപയാണ്.

2.7 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior period items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ | 2018-19ലെ ലെഡ്ജർ പ്രകാരം |
|---|---|---|---|

| | | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues - Property tax on Residential building | 64352 | 212839 |
| 2 | 350410101-Advance collection of revenues - Property tax on Non-Residential building | 20047 | 102426 |

2.8. തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 2,30,866/- രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior period items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.8.1 റെസിഡൻഷ്യൽ

| ക്രമ.നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800272 | 31.3.19 | 148487 |

2.8.2 നോൺ-റെസിഡൻഷ്യൽ

| ക്രമ.നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800275 | 31.3.19 | 82379 |

2.9 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 8,640/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 432/- ആണ്. എന്നാൽ ഈ ശീർഷകത്തിൽ 415.57രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3. 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.3 ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4.4 വാടക ഡിമാന്റ് രജിസ്റ്റർ

4.5 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

5. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 189790 |
| 280100104-Prior period income-Property tax on non residential buildings | 118137 |
| 280200101-Prior period income-Rent from Building | (854102) |
| 280800401-Prior period-interest & finance charge | (230) |
| 280100102-Prior period income-Prof. Tax | (9940) |
| 280800301-Prior period- O &M expenses | (727023) |

6. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

7. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

8. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 71,38,012/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 21,43,038/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

9. സാമ്പത്തിക വർഷം രണ്ടാം പകുതിയിൽ ആർജ്ജിച്ച ആസ്തികളുടെയോ തേയ്മാനം സംബന്ധിച്ച വിവരമോ തെയ്മാനം കണക്കാക്കിയത് സംബന്ധിച്ച പത്രികയിൽ ഉൾപ്പെടുത്തി കാണുന്നില്ല.

10. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 13,800/- രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

11.സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല.

12. അഡ്വാൻസ് രജിസ്റ്റർ- അപാകതകൾ

(1) ഫെസ്റ്റിവൽ അഡ്വാൻസ് 1,2000 രൂപ മുന്നിരിപ്പുണ്ട്. രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല.

(2) രജിസ്റ്റർ പ്രകാരം GWD യ്ക്ക് 1,20,000 രൂപ നൽകിയതായി കാണിച്ചിട്ടുണ്ട്. വാർഷിക കണക്കിൽ ചേർത്തിട്ടില്ല.

(3) വാട്ടർ അതോറിറ്റിയ്ക്ക് 8,00,000രൂപ നൽകിയത് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

13. ബാലൻസ് ഷീറ്റ് ബി-4 പ്രകാരം ജില്ല- ബ്ലോക്ക് പഞ്ചായത്ത് വിഹിതം 29,56,030/- ആണ് എന്നാൽ ബി -17 പ്രകാരം 3797219 രൂപ നീക്കിയിരിപ്പുണ്ട്.

14. കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഫൈനൽ ബിൽ നൽകിയ പലതും ഉൾപ്പെടുത്തിയിട്ടുണ്ട്. ഫൈനൽ ബിൽ നൽകിയവ ആസ്തിയായി മാറ്റിയിട്ടില്ല.

15. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം KURDFC ലോൺ ഇനത്തിൽ 35,05,002/- രൂപ ബാധ്യത കാണിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിനാവശ്യമായ ലോൺ രജിസ്റ്ററോ, പാസ്സ് ബുക്കോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

16. RP31 ൽ ഉൾപ്പെടുന്ന 320100115, 320200307, 320200311, 320200399, 320300102, 320800101 എന്നീ ഹെഡ്ഡുകളിലെ വരവുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

17." Liability in respect of stale cheque" എന്ന ബാധ്യത ശീർഷകത്തിൽ വാർഷിക കണക്ക് പ്രകാരം 2,500/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ ഏതെല്ലാം തുകകളാണ് ഈ ശീർഷകത്തിലേക്ക് മാറ്റിയത് എന്ന് പരിശോധിക്കുന്നതിനായിട്ടില്ല.

18.എല്ലാ വരവിനങ്ങളിലും പ്രതിദിന/പ്രതിമാസ കളക്ഷൻ കണക്കാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. RP-4, RP-5 ഇനങ്ങളുടെ വരവ് (150100105, 140120101, 140120105 ഒഴികെ) പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

19. ബി.ഫണ്ട് – വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം ഇനത്തിൽ 90000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-11 ബജറ്റ് രൂപീകരണം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം, സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ ബജറ്റ് സംബന്ധമായ ചർച്ചകൾ നടന്നതായി രേഖപ്പെടുത്തലുകളില്ല. അതത് സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെട്ട ഘടക സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കായുള്ള തുക ബജറ്റിൽ വകയിരുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കാനായുള്ള തീരുമാനം മാത്രമാണ് എടുത്തിട്ടുള്ളത്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 08/02/18 ലെ തീരുമാനം 2 പ്രകാരം ഘടക സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ അനുബന്ധം 1 വായിച്ചു എന്നല്ലാതെ ബജറ്റ് സംബന്ധിച്ച് മറ്റു ചർച്ചകളൊന്നും തന്നെ ഘടക സ്ഥാപന മേധാവികളായോ മറ്റു സ്റ്റാന്റിംഗ് കമ്മറ്റികളുമായോ നടന്നതായി രേഖപ്പെടുത്തലുകളില്ല.

ബജറ്റ് മാന്വലിന്റെ 2.2, 2.3, 2.4 എന്നീ ഖണ്ഡികകളിൽ പദ്ധതി-പദ്ധതിയേതര ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കൽ, കരട് ബജറ്റ് രൂപീകരണം എന്നിവ നിർവ്വഹിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറി ഘടകസ്ഥാപനമേധാവികളുടെ യോഗം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിളിക്കുകയും സ്ഥാപനങ്ങളുടെ പദ്ധതിയേതരചെലവുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുവാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും വേണം.

എന്നാൽ യോഗം വിളിച്ചു ചേർത്തതായോ പദ്ധതിയേതര ചെലവുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുവാൻ ആവശ്യപ്പെട്ട്നിർവ്വഹണോദ്യോഗസ്ഥർക്ക് കത്ത് നൽകിയതായോ രേഖപ്പെടുത്തലില്ല. ബജറ്റിന്റെ നടപടിക്രമങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള ഫയൽ സംവിധാനം പഞ്ചായത്തിൽ നിലവിലില്ല.

08/02/18 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2018-19 വർഷത്തെ ബജറ്റ് അംഗീകരിക്കുകയും ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. 14/03/2018 ന് ഭരണസമിതി ബജറ്റ് അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 12/2/19 ലെ തീരുമാനം 1 പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. എന്നാൽ ഭരണസമിതി അംഗീകാരം ലഭിച്ചിട്ടില്ല.

ബജറ്റ് രൂപീകരണത്തിന്റെ നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ പ്രവർത്തന രേഖയായ വാർഷിക ബജറ്റിന്റെ രൂപീകരണത്തിലും നടപടിക്രമങ്ങളിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. തദ്ദേശ സ്ഥാപനങ്ങളുടെ കാഴ്ചപ്പാടും ലക്ഷ്യവും സാക്ഷാൽക്കരിക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശവും ഇടപെടലുകളും അനിവാര്യമാണ്. വരും വർഷങ്ങളിൽ ബജറ്റ് രൂപീകരണത്തിൽ കാര്യമായ ഇടപെടലുകൾ നടത്തി ജനക്ഷേമകരങ്ങളായ പദ്ധതികൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് സ്റ്റാന്റിംഗ് കമ്മറ്റികളുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 1-12 തനത് വരുമാനം ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചു

പഞ്ചായത്തിലെ തനത് വരുമാനം താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്നു.

1. ചിറ്റാട്ടുകര സർവ്വീസ് സഹകരണ ബാങ്ക് (അക്കൗണ്ട് നം:2595)

2. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പാവറട്ടി (അക്കൗണ്ട് നം:565102010024003)

3. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (അക്കൗണ്ട്നം:37127161814)(ഇ പെയ്മെന്റ് അക്കൗണ്ട് )

4. എച്ച്.ഡി.എഫ്.സി ബാങ്ക്,ഗുരുവായൂർ (അക്കൗണ്ട് നം.:50100264607710)

സർക്കുലർ നം.58725/എഫ്.എം 3/2008/ത.സ്വ.ഭ.വ. 26.05.2011 ൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമെ ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഈ ആവശ്യത്തിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നില നിർത്തരുതെന്നും നിഷ്കർഷിക്കുന്നുണ്ട്. മേൽ ഉത്തരവിനു വിരുദ്ധമായാണ് തനത് വരുമാനത്തിനായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നില നിർത്തിയിരിക്കുന്നത്. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.9 തീ.18.11.19) ചിറ്റാട്ടുകര സർവ്വീസ് സഹകരണ ബാങ്കിൽ RTGS/NEFT സംവിധാനം ലഭ്യമാകാത്തതിനാലാണ് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പാവറട്ടി യിൽ അക്കൗണ്ട് തുറന്നതെന്നും എന്നാൽ ദിവസേന യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ തനത് ഫണ്ട് അടവാക്കുന്നത് പ്രായോഗിക ബുദ്ധിമുട്ടും സമയനഷ്ടവും ഉണ്ടാക്കുന്നതിനാലാണ് ചിറ്റാട്ടുകര സർവ്വീസ് സഹകരണ ബാങ്കിൽ പണം അടവാക്കുന്നതെന്നുമാണ് മറുപടി നൽകിയത്. കൂടാതെ എച്ച്.ഡി.എഫ്.സി ബാങ്ക്, ഗുരുവായൂർ സൗജന്യമായി സ്വൈപ്പിംഗ് മെഷീൻ ലഭ്യമാക്കിയതിനാലാണ് ടി ബാങ്കിൽ അക്കൗണ്ട് തുടങ്ങിയതെന്നും വിശദമാക്കിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശം കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതും ഉത്തരവിനു വിരുദ്ധമായി തീരുമാനം കൈക്കൊള്ളാൻ നിർബന്ധിതമാകുന്ന സാഹചര്യത്തിൽ സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതുമാണ്.

# 1-13 മാന്വൽ ,സാംഖ്യ രശീതി അപാകതകൾ

1. 04/11/19 ലെ Day book പ്രകാരം NIDSON INFOWAY Sale of forms ഇനത്തിൽ അടവാക്കിയ 595 രൂപയുടെ കമ്പ്യൂട്ടർ ജനറേറ്റ് രശീതി നം.118030107845 ആണ്. മേൽ നമ്പർ 2018-19 സാമ്പത്തിക വർഷത്തേയാണ്. മേൽ അപാകതക്ക് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.10തീ.18.11.19) സോഫ്റ്റ്‌വെയർ അപാകത മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നും ആയതിന് ഐ.കെ.എം ൽ പരാതി റജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. സാംഖ്യ സോഫ്റ്റ്‌വെയറിൽ സംഭവിക്കുന്ന ഇത്തരം അപാകതകൾ ഗൗരവമായി കാണേണ്ടതും എത്രയും പെട്ടെന്ന് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

2. താഴെ പറയുന്ന മാന്വൽ രശീതികളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

കൃഷി ഓഫീസർ ഉപയോഗിച്ച 6675 നമ്പർ രശീതി പുസ്തകത്തിലെ 46 രശീതികൾ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ആയതിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. തുക അടവാക്കിയത് 29/01/19 നാണ്. വെറ്ററിനറി സർജൻ ഉപയോഗിച്ച 6671 നമ്പർ രശീതി പുസ്തകത്തിലെ 83 മുതൽ 100 വരെയുള്ള രശീതികൾ, 6672 നമ്പർ രശീതി പുസ്തകത്തിലെ 1, 87 മുതൽ 100 വരെയുള്ള രശീതികൾ എന്നിവയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. തീയതി രേഖപ്പെടുത്താതെ രശീതി നൽകുന്നത് നിയമവിരുദ്ധമാണ്. തീയതി

രേഖപ്പെടുത്താതെ രശീതി നൽകുന്നതിലെ നിയമവിരുദ്ധത വ്യക്തമാക്കി ഗ്രാമപഞ്ചായത്ത് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും സർക്കുലർ നിർദ്ദേശം നൽകേണ്ടതാണ്.

# 1-14 എം.എൽ.എ ഓഫീസ് ആയി ഉപയോഗിക്കുന്ന മുറിക്ക് വാടക ഒഴിവാക്കി

പഞ്ചായത്തിന്റെ പൂവത്തൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 13/437F നമ്പർ മുറി മണലൂർ എം.എൽ.എ ഓഫീസ് ആയി ഉപയോഗിക്കുന്നുണ്ട്. മേൽ കെട്ടിട മുറിയുടെ വാടക 2018-19 വർഷം അടവാക്കുകയോ പുതിയ വാടക കരാർ ചമക്കുകയോ ചെയ്തിട്ടില്ല. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 11 തീ. 18/11/19) മേൽമുറിയെ 25.06.19 ലെ 130/16 നം. തീരുമാന പ്രകാരം വാടകയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. തനത് വരുമാനം കുറവായ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് മേൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് മുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നത്. ആയതിനാൽ മുറി സൗജന്യമായി നൽകിയ തീരുമാനം പുന:പരിശോധിക്കാവുന്നതാണ്. കൂടാതെ ഭരണസമിതി തീരുമാന തീയതി വരെയുള്ള വാടക കുടിശ്ശിക പലിശസഹിതം ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

# 1-15 വാടക കരാർ യഥാസമയം പുതുക്കുന്നില്ല, വാടക ബൈലോ, ശ്മശാനം ബൈലോ എന്നിവക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

2018-19 വർഷം കരാർ അവസാനിച്ച പൂവത്തൂർ ഷോപ്പിംഗ് കോംപ്ലക്സ്, വ്യവസായ എസ്റ്റേറ്റ് എന്നിവയിലെ മുറികളുടെ വാടക കരാർ 2019-20 വർഷത്തിലാണ് പുതുക്കിയിട്ടുള്ളത്. വാടക കരാർ അവസാനിക്കുമ്പോൾ ലേലനടപടികൾ സ്വീകരിക്കാതെ പുതുക്കി നൽകുകയാണ് ചെയ്തത്. കരാർ കാലാവധി അവസാനിച്ച കെട്ടിട മുറികൾ സമയക്രമം പാലിച്ച് ലേലം ചെയ്ത് പുതുയ കരാർ ചമയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ വാടക ബൈലോ, ശ്മശാനം ബൈലോ എന്നിവയ്ക്ക് നാളിതു വരെ അംഗീകാരവും ലഭിച്ചിട്ടില്ല. ബൈലോക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളേണ്ടതാണ്.

# 1-16 വാടക കുടിശ്ശിക റവന്യൂ റിക്കവറി നടപടി-തുടർ വിവരം അറിയിക്കേണ്ടതാണ്

പഞ്ചായത്തിലെ താഴെ പറയുന്ന വാടകമുറികളുടെ വാടക കുടിശ്ശിക ഈടാക്കാൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ തുടർ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| മുറി നം. | ഉടമസ്ഥന്റെ പേര് | കുടിശ്ശിക തുക |
|---|---|---|
| 13/437B പഞ്ചായത്ത് | അഭിനി ശശി | 172000/- (കുടിശ്ശിക തുകയിൽ 42695/- രൂപ അടവാക്കി. രശീതി നം.11903050012, തീ. 15.11.19 ബാക്കി 129305/- |

| | | |
|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് | | രൂപ) |
| 8/242B1 വ്യവസായ എസ്റ്റേറ്റ് | അൻജു കമൽ | 102792/- |

# 1-17 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ കെട്ടിട നിർമ്മാണ ചട്ട പ്രകാരം പ്ലാൻ തയ്യാറാക്കി നൽകുന്ന ലൈസൻസുള്ള താഴെ പറയുന്ന സൂപ്പർ വൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ശ്രീ.പ്രസാദ്.എ.പി.
2) ശ്രീ.ഷാജി.കെ.എം.
3) ശ്രീ.സുനിൽകുമാർ.കെ.കെ.
4) ശ്രീ.രാജീവ്.വി.വി.
5) ശ്രീ.സജി.കെ.ആർ.
6) ശ്രീ.അയൂബ്.ആർ.വി.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സൂപ്പർ വൈസർമാരിൽ നിന്നും അർഹമായ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ അപാകതകൾ

പഞ്ചായത്തിൽ 2018-19 വർഷം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് (FTEAOS ലൈസൻസ്) അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ട്രേഡേഴ്സ് രജിസ്റ്റർ പൂർണ്ണമല്ല.

ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാപേരും കേരള പഞ്ചായത്തീരാജ് നിയമം 232, 233 വകുപ്പുകൾ, കേരള പഞ്ചായത്തീരാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കുംമറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടങ്ങൾ) 2017 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ലൈസൻസ് കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ആയതിനായി ഫീൽഡ് വിസിറ്റ് നടത്തി ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കേണ്ടതാണ്. പഞ്ചായത്തിലെ ട്രേഡേഴ്സ് രജിസ്റ്ററിൽ 374 സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ 471 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഫീൽഡ് വിസിറ്റ് നടത്തി ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിട വിവരം, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത്

പരിധിയ്ക്കകത്തെ ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാപേരും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2. പഞ്ചായത്ത് പരിധിയിലുള്ള റേഷൻ റീട്ടെയിൽ ഡിപ്പോകൾ, കല്ല്യാണ മണ്ഡപങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ ലൈസൻസ് എടുത്തിട്ടില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങൾ, ഭേദഗതി ചട്ടങ്ങൾ 2017 എന്നിവയിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകൾ, ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ റേഷൻകടകളെയും കല്ല്യാണ മണ്ഡപങ്ങളെയും പാരാമെഡിക്കൽ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-19 അനുമതിയില്ലാത്ത നിർമ്മാണങ്ങൾ

2018-19 വർഷത്തെ നമ്പറിംഗ് ഫയലുകളിൽ 10 ശതമാനത്തോളം ക്രമവത്ക്കരണത്തിനുള്ളതാണ്. ക്രമവത്ക്കരണ ഫയലുകളുടെ ആധിക്യം സൂചിപ്പിക്കുന്നത് പഞ്ചായത്തിന്റെ ഫീൽഡ് പരിശോധനയുടെ അഭാവമാണ്. തണ്ണീർതട സംരക്ഷണ നിയമ പരിധിയിൽ ഉൾപ്പെട്ട പ്രദേശങ്ങളും മണ്ണിടിച്ചിലിനുള്ള സാധ്യതയുള്ള പ്രദേശങ്ങളും തണ്ണീർതട സംരക്ഷണ പരിധിയിൽ മരുന്ന പ്രദേശങ്ങളും പഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ അനുമതിയില്ലാതെ നടത്തുന്നത് അപകടകരമാണ്. കെട്ടിട നിർമ്മാണ ചട്ടം 2011 ചട്ടം 134 പ്രകാരം പഞ്ചായത്തിന്റെ അനുവാദമില്ലാതെയുള്ള നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിന് സെക്രട്ടറിക്കുള്ള അധികാരം മേൽപറഞ്ഞ ജോലികളും നിർമ്മാണങ്ങളും കണ്ടുപിടിക്കുകയും തടയുകയും ചെയ്യേണ്ട ഉത്തരവാദിത്വത്തിൽ നിന്നും സെക്രട്ടറിയെ മുക്തനാക്കുന്നില്ല. ആയതിനാൽ ഇത്തരം നിർമ്മാണ പ്രവൃത്തികൾ കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള നടപടികൾ കാര്യക്ഷമമാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-20 സുശാന്തം - വയോജനക്ഷേമ വിഭവകേന്ദ്രം വിഹിതം നൽകൽ- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോ. നം – 109/19

ബിൽ നം. – 10/18-19/16.6.18, തുക –50000

പദ്ധതി പ്രകാരം മേൽ തുക സുശാന്തം സൊസൈറ്റി ഫോർ കെയർ ആന്റ് കംപാഷൻ ന്റെ അക്കൗണ്ടിലേക്ക് കൈമാറുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ കൈമാറിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

# 1-21 ഷ്രേഡിംഗ്, ബെയ്‌ലിംഗ് യൂണിററ് വാങ്ങൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോ. നം - 143/19

ബിൽ നം. 36/18-19/13.3.19 തുക 540975

മാലിന്യ സംസ്കരണത്തിനായി മേൽ പ്രകാരമുള്ള മെഷീനറികൾ സ്ഥാപിക്കുന്നതിനായി IRTC മുണ്ടൂരിനെയാണ് പദ്ധതി പ്രകാരം ഏൽപ്പിച്ച് നൽകിയിരിക്കുന്നത്. മാലിന്യ സംസ്കരണത്തിനായി കെട്ടിടം നിർമ്മിക്കുന്നതിനും യൂണിറ്റ് സ്ഥാപിക്കുന്നതിനും 2017-18 വർഷത്തിലാണ് പദ്ധതി ആരംഭിച്ചത്. കെട്ടിട നിർമ്മാണം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പണി പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഇലക്ട്രിഫിക്കേഷനും പൂർത്തീകരിച്ചിട്ടുണ്ട്. തൻവർഷം ഷ്രെഡിംഗ് യൂണിററും ബെയ്‌ലിംഗ് മെഷീനും സ്ഥാപിക്കുന്നതിന് IRTC തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയുടെ (എസ്റ്റിമേറ്റ് തുക 1081950/-) 50% അഡ്വാൻസ് ആയി ആവശ്യപ്പെടുകയും ടി തുക മേൽ ബിൽ പ്രകാരം സ്ഥാപനത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായി പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ സമർപ്പിച്ചിട്ടില്ല. 31.03.18നാണ് മേൽ സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുള്ളത്. സെക്രട്ടറിയുടെ 22.02.19 ലെ ബി2-841/19-ാം നമ്പർ കത്തിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് കാലതാമസം വന്നതിനാൽ കരാർ പുതുക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ കരാർ പുതുക്കിയതായി കാണുന്നില്ല.

കരാർ പുതുക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-22 ക്രിമറ്റോറിയം മെയിന്റനൻസ് - ജനറേറ്റർ ലോഗ്ബുക്ക് സൂക്ഷിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോ. നം –189/19

വൗച്ചർ നം - 21800868/26.11.18, തുക - 97087/-

21801259/23.2.19, തുക –30257/-

പദ്ധതി പ്രകാരം ക്രിമറ്റോറിയത്തിന്റെ മെയിന്റനൻസ് വർക്ക് കോസ്റ്റ് ഫോർഡ് മുഖേനയാണ് ചെയ്തിരിക്കുന്നത്. കൂടാതെ പദ്ധതിയുടെ ഭാഗമായി ക്രിമറ്റോറിയത്തിലെ ജനറേറ്റർ റിപ്പയർ ചെയ്യുന്നതിന് 20.10.18 ലെ കമ്മിറ്റി തീരുമാനം 1(1) പ്രകാരം ഏക അംഗീകൃത ഏജൻസിയായ M/S Kavanal Enterprises, Kaloor, Cochin എന്ന സ്ഥാപനത്തെയും ഏൽപ്പിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ജനറേറ്ററിന് ലോഗ്ബുക്ക് സൂക്ഷിക്കുന്നില്ല. ലോഗ്ബുക്ക് സൂക്ഷിക്കേണ്ടതും ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

# 1-23 ഇ.എം.എസ് ലോൺ - പലിശയിനത്തിൽ കുടിശ്ശിക - നടപടി സ്വീകരിക്കേണ്ടതാണ്.

ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി വിവിധ വർഷങ്ങളിലായി ചിറ്റാട്ടുകര സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും എടുത്ത ആകെ വായ്പ തുക 5931939/- രൂപയാണ്. 2018-19 സാമ്പത്തിക വർഷത്തോടുകൂടി വായ്പയുടെ മുതൽ മുഴുവനായി തിരിച്ചടച്ചതായി ലോൺ രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. എന്നാൽ പലിശയിനത്തിൽ 2013-14 മുതൽ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. പലിശയിനത്തിൽ 2018-19 വരെ 1015315/- രൂപ അടവാക്കാനുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/20.11.19) തുക ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടികൾ പൂർത്തീകരിച്ച് ലോൺ ക്ലോസ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

# 1-24 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ

# പദ്ധതികൾ - അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I. <u>നെൽകൃഷി വികസനം</u>

പ്രോ.നം . 77/19

(1) ബിൽ നം . 5/18-19/29.11.18, തുക -744000

6/18-19/23.03.19, തുക - 56000

പദ്ധതി പ്രകാരം കെ.എസ്.എസ്.ഡി.എ യിൽ നിന്നും 20000 കി.ഗ്രാം നെൽവിത്ത് വാങ്ങി 7 പാടശേഖരസമിതികൾക്കായി വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ പാടശേഖരസമിതികൾ നെൽവിത്ത് കർഷകർക്ക് വിതരണം നടത്തിയതിന്റെ വിതരണ സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയിട്ടില്ല. വാങ്ങിയ നെൽവിത്ത് സ്റ്റോക്കിലെടുത്ത് പാടശേഖരസമിതികൾക്ക് വിതരണം നടത്തിയതിൽ 20330 കി.ഗ്രാം വിതരണം ചെയ്തതായി കാണുന്നു. വിതരണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. /തിയതി | വാങ്ങിയ അളവ് | പാടശേഖര സമിതി | വിതരണം ചെയ്ത അളവ് |
|---|---|---|---|
| 395/18-19/28.03.19 | 1500 | കാക്കത്തിരുത്തി പാടശേഖര നെല്ലുല്പാദക സമിതി | 1500 |
| 780/18-19/06.08.18 | 3090 | കണിയാംതിരുത്ത് പാടശേഖര കൂട്ടുകൃഷി സമിതി | 3090 |
| 1225/18-19/19.09.18 | 3990 | കോക്കൂർ പാടശേഖരം | 900 |
| 1214/18-19/14.09.18 | 10020 | കുണ്ടുപാടം പാടശേഖരം | 3140 |
| 1580/18-19/10.11.18 | 1400 | കുറ്റിക്കാട്ട് പാടശേഖരം | 2100 |
| | | ചെമ്മങ്ങാട് പാടശേഖരം | 1860 |
| | | കാക്കത്തിരുത്ത് പാടശേഖരം | 5880 |
| | | ബ്രാലായി പാടശേഖരം | 1860 |
| ആകെ | | | 20330 |

ഇപ്രകാരം വാങ്ങിയതും വിതരണം നടത്തിയതുമായ നെൽവിത്തിന്റെ അളവിലുള്ള വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

(2) വൗച്ചർ നം. 21801437/26.03.19, തുക - 300000/-

21801438/26.03.19, തുക - 300000/-

പദ്ധതിയുടെ ഭാഗമായി ഉഴവുകൂലി ഇനത്തിലാണ് മേൽ പ്രകാരമുള്ള തുക കർഷകർക്ക് വിതരണം നടത്തിയിരിക്കുന്നത്. എന്നാൽ ഓരോ കർഷകനും എത്ര ഏരിയയിൽ കൃഷി ചെയ്തു എന്നത് സംബന്ധിച്ച യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ നൽകിയ തുകയുടെ കൃത്യത പരിശോധിക്കുക സാധ്യമായിട്ടില്ല.

II. സമഗ്ര നെൽകൃഷി വികസനം

പ്രോ.നം. - 183/19

ബിൽ നം. - 4/18-19/ 29.11.18, തുക - 348242/-

പദ്ധതി പ്രകാരം 149 ഗുണഭോക്താക്കൾക്കായി മേൽ പ്രകാരമുള്ള തുക സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി രൂപീകരണ ഫോറത്തിൽ തൻവർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ, നിർവ്വഹണ രീതി എന്നിവയൊന്നും തന്നെ ചേർത്തിട്ടില്ല.

വളത്തിനുള്ള സബ്സിഡിയാണ് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് മാറിയിട്ടുള്ളത്. എന്നാൽ വളം വാങ്ങിയതുമായി ബന്ധപ്പെട്ട യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപേക്ഷകളും ലഭ്യമാക്കിയിട്ടില്ല. കൃഷി ചെയ്തു എന്നതിന് കൃഷി ഓഫീസറുടെ സാക്ഷ്യപത്രം വേണം, ആയതും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

III. കാർഷിക ഉപകരണ വിതരണം

പ്രോ. നം. - 84/19

ബിൽ നം. - 7/18-19/01.02.19, തുക - 9000/-

പദ്ധതി പ്രകാരം 5 ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് സ്പ്രേയർ വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ആയത് പ്രകാരം റെയ്ഡ്കോ കേരള ലിമി. എന്ന സ്ഥാപനത്തിൽ നിന്നും ഗ്രൂപ്പുകളുടെ പേരിൽ സ്പ്രേയർ വാങ്ങിയതിന്റെ ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട്.

<u>അപാകതകൾ</u>

1. തദ്ദേശ ഭരണസ്ഥാപനങ്ങളിൽ കൃഷി ഭവൻ ഉൾപ്പെടെയുള്ള പൊതു സംവിധാനങ്ങളിൽ നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ട് കൃഷി ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഉപകരണങ്ങൾ വാങ്ങേണ്ടത്. എന്നാൽ കൃഷി ഓഫീസർ അത്തരത്തിൽ റിപ്പോർട്ട് തയ്യാറാക്കി കാണുന്നില്ല.

2. ഗ്രൂപ്പുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3. ഗ്രൂപ്പുകളെ തിരഞ്ഞെടുത്തതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമല്ല.

4. ഗ്രൂപ്പുകളുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തി കാണുന്നില്ല.

IV. വാഴകൃഷി വികസനം

പ്രോ. നം. - 56/19

ബിൽ നം. - 8/18-19/23.03.19, തുക - 84000/-

പദ്ധതി പ്രകാരം 7000 വാഴകന്നുകൾ വി.എഫ്.പി.സി.കെ യിൽ നിന്നും വാങ്ങി 46 ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക്

ഹാജരാക്കിയിട്ടില്ല. കൂടാതെ അപേക്ഷകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 1841242/- (1400000+348242+9000+84000) രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

# 1-25 കുടുംബശ്രീ കാന്റീന് ഭൗതിക സാഹചര്യമൊരുക്കൽ പദ്ധതി - ക്രമപ്രകാരമല്ല

പദ്ധതി നമ്പർ – 66/18-19

പദ്ധതിയുടെ പേര് – കുടുംബശ്രീ കാന്റീന് ഭൗതിക സാഹചര്യമൊരുക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ – 1,00,000/- രൂപ

ചെലവ് – 99,945/- രൂപ

ട്രഷറി ബിൽ നമ്പർ – 9, തീയതി 27.12.2018

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ കുടുംബശ്രീ കാന്റീന് ഭൗതിക സാഹചര്യമൊരുക്കൽ പദ്ധതിക്കായി മെട്രോ ഏജൻസീസ് കല്പറ്റ എന്ന സ്ഥാപനത്തിൽ നിന്ന് 99,945/- രൂപ വിലവരുന്ന അടുക്കള ഉപകരണങ്ങൾ, ഫാൻ, ഗ്യാസ് സ്റ്റൗ, മിക്സി, ഫ്രിഡ്ജ്, പ്രഷർകുക്കർ തുടങ്ങിയവ വാങ്ങി നൽകിയിട്ടുണ്ട്. സ.ഉ (കെ)നം.22/18/ത.സ്വ.ഭ.വ തീയതി 14.02.2018 മാർഗ്ഗരേഖ 5-1,2 പ്രകാരം ഇത്തരം ഉപകരണങ്ങൾ വാങ്ങി നൽകുന്നത് നിയന്ത്രിച്ചിട്ടുണ്ട്. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം കുടുംബശ്രീയുടെ സംരഭ നൈപുണ്യ വികസ പദ്ധതികൾക്ക് രൂപം നൽകാമെന്നാണ് അറിയിച്ചിട്ടുള്ളതെങ്കിലും 2018-19 സാമ്പത്തിക വർഷത്തിൽ പുതുക്കിയ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. കുടുംബശ്രീക്ക് കാന്റീന് വേണ്ടുന്ന സ്ഥലം, വൈദ്യുതി, വെള്ളം എന്നിവ അനുഭാവപൂർണ്ണമായ നിരക്കിൽ അനുവദിക്കാമെങ്കിലും ഉപകരണങ്ങൾ വാങ്ങി നൽകലും മറ്റും പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതല്ല. കാന്റീൻ നല്ല നിലയിൽ തന്നെ പ്രവർത്തിക്കുന്നുണ്ടെന്ന് പരിശോധനയിൽ കാണുന്നു. ഭാവിയിൽ ഇത്തരം പദ്ധതികൾ ഏറ്റെടുക്കുമ്പോൾ ആയത് മാർഗ്ഗരേഖക്ക് വിധേയമായി തന്നെ നടപ്പാക്കേണ്ടതാണ്.

# 1-26 ധനകാര്യ കമ്മീഷൻ അവാർഡ് - വിനിയോഗം ക്രമപ്രകാരമല്ല.

താഴെ പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികൾക്കായി ധനകാര്യ കമ്മീഷൻ അവാർഡ് വകയിരുത്തിയതായി കാണുന്നു.

1) പദ്ധതി നമ്പർ – 11/18-19

പദ്ധതിയുടെ പേര് – പത്താംതരം പ്ലസ് ടു തുല്യതാ പരീക്ഷ

നിർവ്വഹണ ഉദ്യോഗസ്ഥൻ – എച്ച്.എം.ജി.എൽ.പി.എസ്, കാക്കശ്ശേരി

അടങ്കൽ – 93,500/- രൂപ

ചെലവ് – 93,500/- രൂപ

ട്രഷറി ബിൽ നമ്പർ – 7 തീയതി 20.02.2019

2) പദ്ധതി നമ്പർ – 18/18-19
പദ്ധതിയുടെ പേര് – ദേശീയ ആരോഗ്യ പ്രതിരോധ പരിപാടികളുടെ നടത്തിപ്പ്
നിർവ്വഹണ ഉദ്യോഗസ്ഥൻ –മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
അടങ്കൽ – 40,000/- രൂപ
ചെലവ് – 19,200/- രൂപ
ട്രഷറി ബിൽ നമ്പർ – 10 തീയതി 08.03.2019

സ.ഉ നം. 11/18/ത.സ്വ.ഭ.വ തീയതി 29.01.2018 മാർഗ്ഗരേഖ 6-6 പ്രകാരം അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായാണ് ധനകാര്യ കമ്മീഷൻ അവാർഡ് വിനിയോഗിക്കാവുന്നത്. പത്താംതരം, പ്ലസ് ടു തുല്യതാ പരീക്ഷ, ദേശീയ ആരോഗ്യ പ്രതിരോധ പരിപാടി നടത്തിപ്പ് തുടങ്ങിയ പദ്ധതികൾ ടി ഫണ്ടുപയോഗിച്ച് നടപ്പാക്കാൻ അനുവാദമില്ല. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം പ്ലാൻ ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് പഞ്ചായത്ത് കമ്മിറ്റി ടി ഫണ്ട് അനുവദിച്ച് നൽകിയതെന്നാണ് അറിയിച്ചത്. ഓരോ കാര്യാത്തിനും വിഭാവനം ചെയ്യുന്ന ഫണ്ടുകൾ ആയതിന്റെ അർഹതാപരിധിയിൽ വരുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ നിർവ്വഹിക്കപ്പെടുന്നവയായിരിക്കുന്നതാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-27 ലൈഫ് മിഷൻ - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

1. പദ്ധതി നമ്പർ – 15/18-19
പദ്ധതിയുടെ പേര് – ഭവനനിർമ്മാണം – എസ്.സി ലൈഫ് മിഷൻ
നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ – 1,40,00,000/- രൂപ
ചെലവ് – 80,20,000/- രൂപ
ട്രഷറി ബിൽ നമ്പർ -2, തീയതി 31.01.2019

2. പദ്ധതി നമ്പർ – 16/18-19
പദ്ധതിയുടെ പേര് – ഭവനനിർമ്മാണം – ജനറൽ ലൈഫ് മിഷൻ
നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ – 40,00,000/- രൂപ
ചെലവ് – 12,80,000/- രൂപ
ട്രഷറി ബിൽ നമ്പർ -3, തീയതി 31.01.2019

മേൽ പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പേര് | വിഭാഗം | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | സുരേഷ്ഗോപി | എസ്.സി | 2,00,000 | തറപണി പൂർത്തീകരിച്ചു |
| 2 | സുധ രവീന്ദ്രൻ | ജനറൽ | 3,00,000 | ലിൻഡൽ ഉയരം മാത്രം പണി പൂർത്തീകരിച്ചു |

ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം ടി ഗുണഭോക്താക്കളെ നേരിൽ കണ്ട് ആവശ്യപ്പെട്ടിട്ടുള്ളതാണെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഭവനനിർമ്മാണം പൂർത്തീകരിക്കാതെ ഇരിക്കുകയാണെന്നാണ് അറിയിച്ചിട്ടുള്ളത്. കൈപ്പറ്റിയ തുകക്ക്

ആനുപാതികമായി പണികൾ പൂർത്തീകരിക്കാതെയിരിക്കുന്നത് അനഭിലഷണീയമാണ്. ഗുണഭോക്താക്കൾക്ക് ടി കാര്യത്തിന് ഉടൻ തന്നെ കത്ത് നൽകാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-28 ഹോമിയോ മരുന്ന് ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ താഴെ പറയുന്ന പദ്ധതി പ്രകാരം ഹോമിയോ മരുന്ന് വാങ്ങുന്നതിനായി തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നമ്പർ – 28/18-19

അടങ്കൽ – 3,00,000/- രൂപ

ചെലവ് – 3,00,000/- രൂപ

ട്രഷറി ബിൽ നമ്പർ – 1/18, തീയതി 18.12.2018

കേരള സ്റ്റേറ്റ് ഹോമിയാപതിക് എന്ന സ്ഥാപനത്തിന് രശീതി നമ്പർ 007/29.12.2018 പ്രകാരം 3,00,000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നമ്പർ എൽ.എഫ് 803 തീയതി 08.08.2019 പ്രകാരം 1,09,576/- രൂപക്കുള്ള മരുന്ന് മാത്രമാണ് നാളിതുവരെയായി ലഭ്യമായിട്ടുള്ളത്. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം ടി കാര്യത്തിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. തുക കൈമാറിയിട്ട് ഒരു വർഷമായ സാഹചര്യത്തിൽ മരുന്ന് പൂർണ്ണമായും ലഭ്യമാക്കാതെയിരിക്കുന്നത് ശരിയായ നടപടിയല്ല. ആയത് എത്രയും വേഗത്തിൽ ലഭ്യമാക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

# 1-29 ശമ്പളപരിഷ്കരണ കുടിശ്ശിക - ആനുപാതിക പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 2014 ശമ്പളപരിഷ്കരണ കുടിശ്ശികയുടെ മൂന്ന്, നാല് ഗഡുക്കൾ യഥാക്രമം ബിൽ നമ്പർ 55, വൗച്ചർ നമ്പർ 21800120 തുക 65,445/- രൂപ തീയതി 05.05.2018, ബിൽ നമ്പർ 23 വൗച്ചർ നമ്പർ 21800639 തുക 1,63,129/- രൂപ എന്നിവയിൽ നിന്ന് ആനുപാതികമായ പെൻഷൻ വിഹിതം അടവാക്കിയിട്ടില്ല. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം ടി വിഹിതം നാളിതുവരെയായി അടവാക്കിയിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ശമ്പള പരിഷ്കരണ കുടിശ്ശികയിൽ നിന്ന് ആനുപാതിക പെൻഷൻ വിഹിതം അടവാക്കുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-30 ജലനിധി പ്രവർത്തനങ്ങൾ വിപുലീകരിച്ച് കാര്യക്ഷമമാക്കണം

എളവള്ളി പഞ്ചായത്തിലെ 16 വാർഡുകളിലായി 3165 ടാപ്പുകളിൽ ജലനിധി ജലവിതരണം നടത്തുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ പതിനൊന്ന് കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്. ആയതിലേക്ക് പമ്പ് ഓപ്പറേറ്റർമാരുടെ വേതനം, മോട്ടോർ വൈദ്യുത ചാർജ്ജ് ഇനങ്ങളിലായി തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നുണ്ട്. ജലനിധി നടപ്പിലാക്കിയതിന് ശേഷവും കുടിവെള്ള പദ്ധതികൾ നിലനിർത്തി പ്രവർത്തിപ്പിക്കുന്നത് യുക്തിസഹമല്ല. ഇത്തരം കുടിവെള്ള പദ്ധതികൾ ഒഴിച്ചു കൂടാനാകാത്ത സാഹചര്യമുണ്ടെങ്കിൽ ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് അവരുടെ ചുമതലയിലാക്കുന്നതായിരിക്കും ഉചിതമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# 1-31 വാഹന പരിപാലനം - അപാകതകൾ

പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന KL-46-L-7055 ജീപ്പ് (ബൊലെറോ), KL-46-L-421 മാരുതി ഓംനി വാൻ എന്നീ വാഹനങ്ങളുടെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. ഇന്ധനക്ഷമതാ സാക്ഷ്യപത്രത്തിന്റെ പകർപ്പ് ലോഗ്പുസ്തകത്തിൽ പതിച്ച് വെച്ചിട്ടില്ല.
2. റിപ്പയർ, ഫ്യുവൽ രജിസ്റ്ററുകൾ പ്രതിവർഷ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. ലോഗ്ബുക്കിൽ വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് ഒരു പ്രതിമാസ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല. ആയത് താഴെപറയും പ്രകാരം എഴുതി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ഓപ്പണിംഗ് കിലോമീറ്റർ
ക്ലോസിംഗ് കിലോമീറ്റർ
ഓടിയ ദൂരം
ടാങ്കിൽ ഉണ്ടായിരുന്ന ഇന്ധനം
തൻമാസം നിറച്ച ഇന്ധനം
ആകെ ഇന്ധനം
മാസാവസാനം ടാങ്കിൽ ശേഷിച്ച ഇന്ധനം

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് ലോഗ്ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

# 1-32 വിദ്യാർത്ഥികൾക്ക് ഫുട്ബോൾ പരിശീലനം ഗ്രാമതല സ്പോർട്ട്സ് കൗൺസിൽ രൂപീകരിക്കണം

ഹെഡ്മിസ്ട്രസ്, ഗവ. യു.പി സ്കൂൾ നിർവ്വഹണം നടത്തിയ പദ്ധതി നം. 10/18 പ്രകാരം വിദ്യാർത്ഥികൾക്ക് ഒരു മാസം പരിശീലനത്തിന്റെ കീഴിൽ ഒരു മാസത്തെ ഫുട്ബോൾ പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനത്തിനായി തെരഞ്ഞടുക്കപ്പെട്ട വിദ്യാർത്ഥികളുടെ യോഗ്യത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം ഓപ്പൺ സെലക്ഷൻ ട്രയൽ നടത്തി ഫുട്ബോളിൽ താല്പര്യമുള്ളവരെ കണ്ടെത്തി അവരെയാണ് പരിശീലനത്തിന് തെരഞ്ഞെടുത്തതെന്നും അതിൽ മികവ് തെളിയിച്ചവരും, കഴിവുള്ളവരും ഉണ്ടായിരുന്നുവെന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ ടി പരിശീലന പരിപാടി മോണിറ്ററിംഗ് കമ്മിറ്റി കൃത്യമായി നിരീക്ഷിച്ച് അംഗീകരിച്ചിട്ടുണ്ട്. പരിശീലനത്തിൽ മികവ് തെളിയിച്ചിട്ടുള്ളവർക്ക് തുടർ പരിശീലനം നൽകുന്നതിനായി തുടർ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടപ്പാക്കിയതായി കാണുന്നില്ല. 04.02.2010 തീയതിയിലെ 8378/ഡി.എ/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഗ്രാമതല സ്പോർട്ട്സ് കൗൺസിൽ രൂപീകരിച്ച് സജീവമാക്കി കായികക്ഷമതയുള്ള കുട്ടികളെ കണ്ടെത്തി ശാസ്ത്രീയ പരിശീലന പരിപാടികൾ രൂപകൽപ്പന ചെയ്ത് നടപ്പാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.
ഗ്രാമതല സ്പോർട്ട്സ് കൗൺസിൽ രൂപീകരിച്ചിട്ടില്ലെന്ന് അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്. ടി സാഹചര്യത്തിൽ ആയത് അടിയന്തിരമായി രൂപീകരിക്കുകയും തുടർ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം. എന്നാൽ മാത്രമേ ഇത്തരം പദ്ധതികൾ വിഭാവനം ചെയ്ത ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണ്ണമാവുകയുള്ളൂ. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# 1-33 പുറമ്പോക്ക് ഭൂമി - പഞ്ചായത്തിന്റെ ഭൂമി അന്യാധീനപ്പെട്ട് പോകാതിരിക്കാനുള്ള നടപടികൾ

എടുക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സിൽ പഞ്ചായത്തിന്റെ പുറമ്പോക്ക് ഭൂമിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന ഏതാനും തീരുമാനങ്ങൾ രേഖപ്പെടുത്തി കാണുന്നു.

| തീയതി | അജണ്ട നം./ തീരു.നം. | തീരുമാനത്തിന്റെ പ്രസക്ത ഭാഗങ്ങൾ |
|---|---|---|
| 29.09.18, | അജണ്ട നം.4, തീരു.നം.1 | 11-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഇന്ദ്രാംചിറ സർവെയർ അളന്ന് തിരിച്ച് തന്നിട്ടുണ്ടെങ്കിലും ആസ്തിരജിസ്റ്ററിൽ ചേർക്കുകയോ അതിരുകൾ കെട്ടി സംരക്ഷിക്കുകയോ ചെയ്തിട്ടില്ലെന്നും ഈ വസ്തു ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും അതിരുകൾ കമ്പിവേലി കെട്ടി ബലപ്പെടുത്തുന്നതിനും തീരുമാനിച്ചു. |
| 21.11.18 | അജണ്ട നം.4, തീരു.നം.4 | അതിർത്തി സംബന്ധിച്ച വ്യക്തത ഇല്ലാതെ കിടക്കുന്ന പഞ്ചായത്തിലെ 68 ഏക്കർ സ്ഥലം ഏറ്റെടുത്ത് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. |
| 06.12.18 | അജണ്ട നം.18, തീരു.നം.1 | പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴകൾ, കനാലുകൾ, തോടുകൾ എന്നിവയുടെ അതിർത്തി റീ-സർവ്വെ നടത്തി കല്ലിട്ട് വേർതിരിച്ച് സംരക്ഷണവേലി കെട്ടി പരസ്യബോർഡ് പ്രദർശിപ്പിക്കുന്നതിനും ആയതിന്റെ മുന്നോടിയായി പുറമ്പോക്ക് സ്ഥലങ്ങൾ റീ-സർവ്വെ ചെയ്യാൻ താലൂക്ക് സർവ്വെയറോട് ആവശ്യപ്പെടുന്നതിനും ഇതിനായി തനത്ഫണ്ട് ചെലവു ചെയ്യുന്നതിനും തീരുമാനിച്ചു. |

സംസ്ഥാന സർക്കാരിൽനിന്നും കൈമാറ്റം ചെയ്ത് കിട്ടിയതുൾപ്പെടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികൾ സംരക്ഷിക്കുന്നതിലും പഞ്ചായത്തുകളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി കൈയ്യേറുന്നത് തടയുന്നതിനുമായി സർക്കാർ നിരവധി സർക്കുലറുകളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ആസ്തി സംബന്ധമായ വിവരങ്ങൾ കൃത്യമായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിലും കാലാകാലങ്ങളിൽ രജിസ്റ്റർ പുതുക്കി സൂക്ഷിക്കുന്നതിലും വേണ്ടത്ര ശ്രദ്ധാന്തി പുലർത്തേണ്ടതാണെന്ന് വിവിധ സർക്കുലറുകൾ പ്രകാരം സർക്കാർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും എളവള്ളി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകളൊന്നും ഇല്ല. പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തികളുടെ അധീനതയിലേക്ക് പോകാതെ കൃത്യമായി അളന്ന് തിട്ടപ്പെടുത്തി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടികളെടുക്കുവാൻ അധികാരികളുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# 1-34 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - നിയമവ്യവസ്ഥകൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ നടത്തപ്പെടുന്ന മരാമത്ത് പ്രവൃത്തികൾ, 1997-ലെ കേരളപഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, പൊതുമരാമത്ത് വകുപ്പ് മാന്വൽ മുതലായവയിലെ നിഷ്കർഷകൾക്കനുസൃതമായാണ് നിയന്ത്രിക്കപ്പെടുന്നത്. മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ടതും മേൽ നിയമവ്യവസ്ഥകളിൽ ഉൾപ്പെട്ടതുമായ ചില അടിസ്ഥാന വ്യവസ്ഥകൾ താഴെ ചേർക്കുന്നു;

| | | |
|---|---|---|
| 1 | ടെണ്ടറുകൾ തുറന്ന തീയതി മുതൽ 10 | ചട്ടം 10(11) KPR (പൊതുമരാമത്ത് |

| | | |
|---|---|---|
| | ദിവസത്തിനകം അവയിൽ തീരുമാനമെടുക്കേണ്ടതാണ്. | പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ |
| 2 | ടെണ്ടർ സ്വീകരിച്ചുകഴിഞ്ഞ് 7 ദിവസത്തിനുള്ളിൽ സെലക്ഷൻ നോട്ടീസ് അയക്കണം. | ഖണ്ഡിക 2009.6 PWD Manual |
| 3 | സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനുള്ളിൽ കരാർ ഒപ്പുവെക്കേണ്ടതാണ്. | ഖണ്ഡിക 2009.6 PWD Manual |
| 4 | കരാർ ഒപ്പുവെച്ചതിനുശേഷം 10 ദിവസത്തിനുള്ളിൽ കരാറുകാരൻ സ്ഥലം ഏറ്റെടുക്കണം. | ഖണ്ഡിക 2102.1 PWD Manual |
| 5 | ഒരു detailed estimate-ൽ Lump sum തുക 5%-ൽ കൂടാൻ പാടില്ല. | ഖണ്ഡിക 1601.1.2 PWD Manual |

പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും മേൽ വ്യവസ്ഥകൾ പാലിക്കുന്നതിൽ താഴെ കൊടുത്ത വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്ന് കാണുന്നു.

എ) ഭൂരിഭാഗം പ്രവൃത്തികളുടെയും സെലക്ഷൻ നോട്ടീസ്, acknowledgement form for handing over of site എന്നിവയിൽ തീയതി ഇല്ല.

ബി) ടെണ്ടർ നോട്ടീസ്, ടെണ്ടർ രജിസ്റ്റർ എന്നിവ പ്രകാരം, ജനശക്തി കാക്കശ്ശേരി മനോഹരൻ റോഡ് റീ-ടാറിങ്ങ് (പ്രൊജക്റ്റ് നം.ടാ-157/19) എന്ന പ്രവൃത്തിക്കായി ലഭിച്ച ടെണ്ടറുകൾ തുറന്ന തീയ്യതി 05.02.18 ആണ്. എന്നാൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചത് ഒരു മാസത്തിനുശേഷം 08.03.18-ലാണ്.[തീരുമാനം നം.3(1)]

സി) ജനശക്തി പൂവ്വത്തൂർ റോഡ് റീ-ടാറിങ്ങ് എന്ന പ്രവൃത്തിക്കായി ശ്രീ.മുഹസിൻ മുഹമ്മദ് സമർപ്പിച്ച ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചത് 11.01.18-ലാണെങ്കിലും [തീരുമാനം 1(5)] സെലക്ഷൻ നോട്ടീസ് തീയതി 25.01.18 ആണ്.

ഡി) പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പ്രൊജക്റ്റിന്റെ (നം.ടാ-208/19) എസ്റ്റിമേറ്റിൽ PWD Manual-ലെ വ്യവസ്ഥക്കു വിരുദ്ധമായി 5%-ൽ കൂടുതൽ Lump sum തുക വകയിരുത്തിയിരിക്കുന്നു.

മരാമത്ത് പ്രവൃത്തികളിൽ നിയമവ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ മേൽനോട്ടവും ഉദ്യോഗസ്ഥ ജാഗ്രതയും കൂടുതൽ ശക്തമാക്കേണ്ടതാണ്.

# 1-35 കുഴിച്ചെടുത്ത മണ്ണ് കരാറുകാരന് കുറഞ്ഞ നിരക്കിൽ നൽകി - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥയായി 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണ് കരാറുകാരന് നൽകിയതിന് ഒരു $m^3$- ന് 42/- രൂപ എന്ന നിരക്കിലാണ് തുക ഈടാക്കിയിരിക്കുന്നത്. ഓരോ പ്രവൃത്തികളിൽനിന്നും ലഭിച്ച മണ്ണ് ലേലം വിളിച്ച് നൽകിയിരുന്നുവെങ്കിൽ പഞ്ചായത്തിന് കൂടുതൽ തുക ലഭിക്കുമായിരുന്നു എന്ന സാധ്യത കരാറുകാരന് മണ്ണ് ലേലം വിളിക്കാതെ നൽകിയതിലൂടെ നഷ്ടപ്പെടുത്തുകയാണുണ്ടായത്. കൂടാതെ താഴെ കൊടുത്ത ഓരോ പ്രവൃത്തിയിലും കരാറുകാരന് ഒരു $m^3$ -ന് 400/- രൂപ നിരക്കിൽ പ്രതിഫലം നൽകി ചെത്തിയെടുത്ത മണ്ണാണ് കുറഞ്ഞനിരക്കിൽ കരാറുകാരന് തന്നെ നൽകിയിരിക്കുന്നത്. 40.2% cost index അടക്കം MORD

നിരക്കിൽ ഒരു $m^3$ ചെത്തിയെടുത്ത മണ്ണിന് 224/- രൂപയാണ് നിരക്കെന്നിരിക്കെ കുറഞ്ഞനിരക്ക് ഈടാക്കി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കിയ ഏതാനും ചില പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാറുകാരനിൽനിന്നും ഈടാക്കിയ തുക | MORD നിരക്കിൽ ഈടാക്കേണ്ടിയിരുന്ന തുക | നഷ്ടം |
|---|---|---|---|
| ജനശക്തി കാക്കശ്ശേരി ഡ്രെയിൻ നിർമ്മാണം (ടo-165/19) അളവ് പുസ്തകം നം.70/18<br>ട്രഷറി ബിൽ 16/18.6.18 | 92.25 $m^3$ x 42 =3,875 | 92.25 $m^3$x224 =20,664 | 16,789 |
| ജനശക്തി പൂവ്വത്തൂർ റോഡ് റീ-ടാറിങ്ങ്<br>(ടo-167/19),അളവ് പുസ്തകം 55,56/2017-18, ട്രഷറി ബിൽ 3/31.5.18 | 87.75 $m^3$x 42<br>=3,686 | 87.75 $m^3$x224<br>=19,656 | 15,970 |
| വാഴപ്പിലാത്ത് റോഡ് റീ-ടാറിങ്ങ് (ടo-152/19)അളവ് പുസ്തകം 64,71/17-18, ട്രഷറി ബിൽ 4/31.5.18 | 85.861 $m^3$x42<br>=3,606 | 85.861 $m^3$x224<br>=19,233 | 15,627 |
| ആകെ നഷ്ടം | | | 48,386 |

ചെത്തിയെടുത്ത മണ്ണിന് ലേലത്തിലൂടെ കൂടുതൽ നിരക്ക് ലഭിക്കുമായിരുന്ന സാധ്യതകൾ ഉപയോഗിക്കാതെയും കരാറുകാരനിൽനിന്നും കുറഞ്ഞനിരക്ക് ഈടാക്കി മണ്ണ് വിൽപ്പന നടത്തിയതിലൂടെയും പഞ്ചായത്തിന് നഷ്ടം വന്ന 48,386/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- •

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 3-1 കുഴിച്ചെടുത്ത മണ്ണ് കരാറുകാരന് കുറഞ്ഞ നിരക്കിൽ നൽകി-പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥയായി 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണ് കരാറുകാരന് നൽകിയതിന് ഒരു $m^3$- ന് 42/- രൂപ എന്ന നിരക്കിലാണ് തുക ഈടാക്കിയിരിക്കുന്നത്. ഓരോ പ്രവൃത്തികളിൽനിന്നും ലഭിച്ച മണ്ണ് ലേലം വിളിച്ച് നൽകിയിരുന്നുവെങ്കിൽ പഞ്ചായത്തിന് കൂടുതൽ തുക ലഭിക്കുമായിരുന്നു എന്ന സാധ്യത കരാറുകാരന് മണ്ണ് ലേലം വിളിക്കാതെ നൽകിയതിലൂടെ നഷ്ടപ്പെടുത്തുകയാണുണ്ടായത്. കൂടാതെ താഴെ കൊടുത്ത ഓരോ പ്രവൃത്തിയിലും കരാറുകാരന് ഒരു $m^3$ -ന് 400/- രൂപ നിരക്കിൽ പ്രതിഫലം നൽകി ചെത്തിയെടുത്ത മണ്ണാണ് കുറഞ്ഞനിരക്കിൽ കരാറുകാരന് തന്നെ നൽകിയിരിക്കുന്നത്. 40.2% cost index അടക്കം MORD നിരക്കിൽ ഒരു $m^3$ ചെത്തിയെടുത്ത മണ്ണിന് 224/- രൂപയാണ് നിരക്കെന്നിരിക്കെ കുറഞ്ഞനിരക്ക് ഈടാക്കി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കിയ ഏതാനും ചില പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാറുകാരനിൽനിന്നും ഈടാക്കിയ തുക | MORD നിരക്കിൽ ഈടാക്കേണ്ടിയിരുന്ന തുക | നഷ്ടം |
|---|---|---|---|
| ജനശക്തി കാക്കശ്ശേരി ഡ്രെയിൻ നിർമ്മാണം (ടo-165/19) അളവ് പുസ്തകം നം.70/18<br>ട്രഷറി ബിൽ 16/18.6.18 | 92.25 $m^3$ x 42 =3,875 | 92.25 $m^3$x224 =20,664 | 16,789 |
| ജനശക്തി പൂവ്വത്തൂർ റോഡ് റീ-ടാറിങ്ങ്<br>(ടo-167/19),അളവ് പുസ്തകം 55,56/2017-18, ട്രഷറി ബിൽ 3/31.5.18 | 87.75 $m^3$x 42 =3,686 | 87.75 $m^3$x224 =19,656 | 15,970 |
| വാഴപ്പിലാത്ത് റോഡ് റീ-ടാറിങ്ങ് (ടo-152/19)അളവ് പുസ്തകം 64,71/17-18, ട്രഷറി ബിൽ 4/31.5.18 | 85.861 $m^3$x42 =3,606 | 85.861 $m^3$x224 =19,233 | 15,627 |
| ആകെ നഷ്ടം | | | 48,386 |

ചെത്തിയെടുത്ത മണ്ണിന് ലേലത്തിലൂടെ കൂടുതൽ നിരക്ക് ലഭിക്കുമായിരുന്ന സാധ്യതകൾ ഉപയോഗിക്കാതെയും കരാറുകാരനിൽനിന്നും കുറഞ്ഞനിരക്ക് ഈടാക്കി മണ്ണ് വിൽപ്പന നടത്തിയതിലൂടെയും പഞ്ചായത്തിന് നഷ്ടം വന്ന 48,386/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 19.08.2019 | കെ.എസ്.എ.ടി.എസ്.ആർ (എസ് 1)1120/19(17) തീ.24.08.19 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | | 300000 | നെൽകൃഷി വികസനം | 300000 | 0 |
| | | 405000 | ലൈഫ് ഭവന പദ്ധതി - ജനറൽ | 400000 | 5000 |
| | | 120000 | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് സബ്സിഡി | 120000 | 0 |
| | | 1307200 | ലൈഫ് ഭവന പദ്ധതി- എസ്.സി | 402700 | 904500 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 205000 | വികലാംഗർക്ക് സ്കൂട്ടർ | 195000 | 10000 |
| | | 200000 | അംഗൻവാടി പോഷകാഹാരം | 200000 | 0 |
| | | 150000 | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് സബ്സിഡി | 150000 | 0 |
| | | 300000 | നെൽകൃഷി വികസനം | 300000 | 0 |
| | | 1292630 | ലൈഫ് ജനറൽ | 1280000 | 12630 |
| | | 300000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | | 1250000 | ബഡ്സ് സ്കൂൾ നിർമ്മാണം | 0 | 1250000 |

# 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിവരങ്ങൾ. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തികരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭൂജല വകുപ്പ് | മൃഗാശുപത്രിയിൽ കുഴൽകിണർ | | 120000 | 0 | 2019-20 ൽ പൂർത്തീകരിച്ചു. | 0 |

മേൽ തുക RP-47 ൽ ഉൾപ്പെടുത്തിയിട്ടില്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഹഡ്കോ ലോൺ | | 3505002 | 3505002 | 0 | | 3505002 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 13800 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 13800 |
| | |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13800 |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2.6 | 2016-17 | 2.6 | മൊബൈൽ ടവർ കുടിശ്ശിക അടവാക്കാത്തത് സംബന്ധിച്ച് | കുടിശ്ശിക അടവാക്കിയിട്ടുണ്ട്. |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77695441 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70557429 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 48,386 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 18,41,242 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 48,386 | സുജ ജോർജ്ജ്, അസി.എഞ്ചിനീയർ |
| ആകെ | | 48,386 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 18,41,242 | ഇന്ദു. വി.കെ, കൃഷി ഓഫീസർ |
| ആകെ | 18,41,242 | - |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ മേൽവിലാസം (ഓഡിറ്റ് നടന്ന സമയം) | സ്ഥിരം മേൽവിലാസം |
|---|---|---|
| സുജ ജോർജ്ജ്, അസി.എഞ്ചിനീയർ | പുതുശ്ശേരിപ്പടി വീട്, കല്ലൂർ.പി.ഒ, തൃശ്ശൂർ | എടക്കളത്തൂർ വീട്, മറ്റം, പി.ഒ. മറ്റം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1981 മുതൽ 1988 വരെ | എൽ എഫ് ടി 11-1084/98/26.07.98 | |
| 88-89 മുതൽ 89-90 വരെ | എൽ എഫ് ടി 11-148/94/20.10.94 | |
| 90-91 | ടി | |
| 91-92 | എൽ എഫ് ടി 11-626/93/20.11.93 | |
| 92-93 | ടി | |
| 93-94 | ടി | |
| 94-95 | എൽ എഫ് ടി 15-1239/04/28.01.05 | |
| 95-96 | എൽ എഫ് ടി 15-1238/04/17.02.05/ 07.06.05 | |
| 96-97 | എൽ.എഫ്.ടി.15-1240/04/07.02.05 | |
| 97-98 | എൽ എഫ് ടി 15-1237/04/08.02.05/ 07.06.05 | |
| 98-99 | എൽ എഫ് ടി 15-1236/04/14.02.05/ 01.07.05 | |
| 99-2000 | എൽ എഫ് ടി 15-1811/17.02.06 | |
| 99-2000-2000-01 2001-02 ജനകീയആസൂത്രണം | എൽ എഫ് ടി 15-1016/04/16.4.04/ 13.07.04 | |
| 2000-01-2001-02 | എൽ എഫ് ടി 15-2377/07/09.11.07 | |
| 2002-03 | എൽ എഫ് ടി 15-1052/08/21.04.10 | |
| 2003-04 | എൽ എഫ് ടി 15-1053/08/21.04.10 | |
| 2004-05 | എൽ എഫ് ടി 15-210/09/22.04.10/ 05.06.10 | |
| 2005-06 | എൽ എഫ് ടി 15-420/10/13.09.10 | |
| 2006-07 | എൽ എഫ് ടി 15-421/10/14.09.10/ 14.02.11 | |
| 2007-08 | എൽ എഫ് ടി പി7)374/11/11.03.11 | |
| | | |

| | | |
|---|---|---|
| 2008-09 | എൽ എഫ് ടി (പി7)375/11/15.03.11 | |
| 2009-10 | എൽ എഫ് ടി (പി7)376/11/16.03.11/ 31.03.11 | |
| 2010-11 | എൽ എഫ് ടി (പി1)2407/12/16.07.13 | |
| 2011-12 | എൽ എഫ് ടി (പി1)714/13/16.08.13/ 05.10.13 | |
| 2012-13 | എൽ എഫ് ടി (പി5)58/2014/ 12.08.14/ 18.09.14 | |
| 2013-14 | കെ എസ് എ-ടി എസ് ആർ (പി5)190/15<br>08.07.15 /28.09.15 | |
| 2014-15 | കെ എസ് എ-ടി എസ് ആർ (പി5)932/16 തീയ്യതി 13.06.16 | |
| 2015-16 | കെ എസ് എ-ടി എസ് ആർ (പി5)2126/16<br>തീ. 16.1.17/ 31.1.17 | |
| 2016-17 | കെ എസ് എ-ടി എസ് ആർ (പി5)1640/17<br>തീ. 30.11.17/ 28.12.17 | |
| 2017-18 | കെ എസ് എ-ടി എസ് ആർ (പി5)1844/2018<br>തീ. 17.01.19 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# അനുബന്ധം -2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം<br>(Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ